സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനുമുള്ള കർമ്മ പദ്ധതി

83 (4074) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഭരണ സമിതികളിൽ പ്രൊഫഷനുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടെയും ഭരണസമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 97-ാം ഭരണഘടന ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013-ലെ കേരളാ സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013-ലെ 8-ാം നമ്പർ നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ, വിപ്രോയുടെ സാങ്കേതിക സഹകരണത്തോടുകൂടി സി.ബി.എസ്. (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ് അടക്കമുള്ള വിവിധ ഏജൻസികളുടെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ചില അർബൻ ബാങ്കുകളിൽ എൻ.എ.എഫ്.സി. യു.ബി.-യുടെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും സർവ്വീസ് സഹകരണ ബാങ്കുകളിലും ഒരു ഏകീകൃത രൂപം ഉണ്ടാക്കുന്നതിന്റെ ഭാഗമായി രൂപരേഖ തയ്യാറാക്കി വരുന്നു.

(ഡി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡ്ഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനം നൽകുന്നതിനും ബാങ്കുകൾ നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളിലൂടെ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ ഡയറക്ടർമാരുടെ മക്കളുടെ നിയമനം

84 (4075) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഏതെങ്കിലും ഭരണ സമിതി അംഗങ്ങളുടെ മക്കളെ ജീവനക്കാരായി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിജസ്ഥിതി രേഖാമൂലം ലഭ്യമാക്കാമോ;

(ഇ) ഇത്തരമൊരു നിയമനം മേൽ ബാങ്കിൽ നടന്നുവെന്നുള്ളത് വസ്തുതാപരമാണെങ്കിൽ ഡയറക്ടർ സ്ഥാനത്ത് നിന്ന്, നിയമനം ലഭിച്ച ജീവനക്കാരന്റെ പിതാവിനെ അയോഗ്യനാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly